ഇൻഫർമേഷൻ ടെക്നോളജി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ

18 (1484)ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതുവരെ എന്ത് തുകയ്ക്കുള്ള യന്ത്രോപകരണങ്ങളും മറ്റു സാധനസാമഗ്രികളും വാങ്ങിയിട്ടുണ്ട്;

(ബി) ഈ സാധനങ്ങൾ വാങ്ങിയത് ക്വട്ടേഷൻ മുഖേനയായിരുന്നുവോ; അല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ യന്ത്രങ്ങളും സാധനസാമഗ്രികളും ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങിയത്;

(ഡി) അവ സംസ്ഥാന ഗവൺമെന്റിന് സപ്ലൈ ചെയ്ത ഏജന്റുമാരുടെ പേരും മേൽവിലാസവും നൽകുമോ;

(ഇ) ഓരോ ഏജന്റും എന്തു വിലയ്ക്കുള്ള യന്ത്രങ്ങളും സാധന സാമഗ്രികളും സപ്ലൈ ചെയ്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) വരെ ഐ.റ്റി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മിഷൻ ഓൺ ഐ.റ്റി. യിൽ വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളുടെയും യന്ത്രോപകരണങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

11 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ മുഖേനയാണ് ഈ ഉത്പന്നങ്ങൾ വാങ്ങിയിട്ടുള്ളത്.

ആകെ 21,24,440 രൂപ ഇതിനായി ചെലവായിട്ടുണ്ട്.

മറ്റു വകുപ്പുകളിൽ വാങ്ങിയിട്ടുള്ള യന്ത്രോപകരണങ്ങളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം

19 (1485)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സംസ്ഥാന ഖജനാവിൽ നിന്ന് എത്ര കോടി രൂപയാണ് 2000 ഫെബ്രുവരി ഒന്നുവരെ നൽകിയിട്ടുള്ളത്;

(ബി) ഇപ്പോൾ എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് ഈ വിമാനത്താവളം പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly